# കേരള സർവകലാശാല

നം.പി.ആർ.213/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി സ്പോട്ട് അലോട്ട്മെന്റ് 2016–17

കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.ടി കോളേജുകളിൽ എം.എ/ എം.എസ്‌സി / എം.കോം കോഴ്സുകളിൽ ഒഴിവുള്ള എതാനും സീറ്റുകളിലേക്ക് നവംബർ 15–ന് സർവകലാശാലയുടെ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തും. രാവിലെ 10 മണിക്ക് പ്രവേശനം തുടങ്ങും. നവംബർ രണ്ട്, മൂന്ന് തീയതികളിൽ നടന്ന സ്പോട്ട് അഡ്മിഷനുവേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റ് പൂർണ്ണമായും അവസാനിച്ചാൽ മാത്രം രണ്ട്, മൂന്ന് തീയതികളിൽ രജിസ്റ്റർ ചെയ്യാത്തവരെ പരിഗണിക്കും. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരണം. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. നിശ്ചിത പ്രവേശനഫീസായ 720 രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. കേരള സർവകലാശാലയുടേതല്ലാത്ത മറ്റ് സർവകലാശാല ബിരുദമുള്ളവർ കേരള സർവകലാശാലയുടെ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കണം. വിവിധ വിഷയങ്ങളിൽ ഏതാനും സീറ്റുകൾ മാത്രമേ ഒഴിവുള്ളൂ. ഒഴിവുള്ള കൂടുതൽ സീറ്റുകളും സ്വാശ്രയ കോളേജുകളിലാണ്. സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന ഗവ./എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ പുതുതായി പ്രവേശനം ഉറപ്പാകാതെ പഠിച്ചുകൊണ്ടിരിക്കുന്ന കോളേജുകളിൽ നിന്നും ടി.സി വാങ്ങരുത്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ടി.സി നിർബന്ധമല്ല.

### ഡിഗ്രി പരീക്ഷ

കേരള സർവകലാശാല ഡിസംബറിൽ തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോം (സി.ബി.സി.എസ്) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 15 (50 രൂപ പിഴയോടെ നവംബർ 18, 250 രൂപ പിഴയോടെ നവംബർ 21) വരെ അപേക്ഷിക്കാം.

### ബി.എഡ് പരീക്ഷ

കേരള സർവകലാശാല ഡിസംബറിൽ തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് (ദ്വിവത്സരം – 2015 സ്കീം, റഗുലർ – 2016 അഡ്മിഷൻ & സപ്ലിമെന്ററി – 2015 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 17 (50 രൂപ പിഴയോടെ നവംബർ 19, 250 രൂപ പിഴയോടെ നവംബർ 22) വരെ ഫീസ് അടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാം.

### ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ നവംബർ 14 മുതൽ 21 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ

വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ പരീക്ഷാപേപ്പറുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ 2013 സ്കീമിൽ വരുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം) റീസ്ട്രക്ചേർഡ് (2013 സ്കീം - സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.in) ലഭിക്കും.

## മെഗാ പ്ലേസ്മെന്റ് ഫെയർ

കേരള സർവകലാശാല പ്ലേസ്മെന്റ് സെൽ-ന്റെ ആഭിമുഖ്യത്തിൽ നവംബർ 27-ന് ഒരു മെഗാ പ്ലേസ്മെന്റ് ഫെയർ നടത്തുന്നു. സർവകലാശാല നേരിട്ട് നടത്തുന്ന പഠനവകുപ്പുകളിലെ അവസാന വർഷ ബിരുദ - ബിരുദാനന്തര വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനീറിംഗ് കോളേജിന് പുറമെ തിരുവനന്തപുരത്തെ സർക്കാർ, സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ അവസാന വർഷ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും, യു.ഐ.ടി, യു.ഐ.എം, ടീച്ചർ എഡ്യൂക്കേഷൻ സെന്റർ എന്നിവിടങ്ങളിലേയും അവസാന ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഈ മെഗാ പ്ലേസ്മെന്റ് ഫെയറിൽ പങ്കെടുക്കാം. കൂടാതെ സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ വരുന്ന അവസാന വർഷ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. താൽപര്യമുള്ളവർ സർവകലാശാലയുടെ പ്ലേസ്മെന്റ് പോർട്ടലിൽ (http://placement.keralauniversity.ac.in) ഉള്ള രജിസ്ട്രേഷൻ ഫോം ഓൺലൈനായി സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയോടൊപ്പം ബയോഡേറ്റയുടെ പകർപ്പും അപ്‌ലോഡ് ചെയ്യാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
10.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ